പതിനാലാം കേരള നിയമസഭ
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 4051 25.06.2018 - ൽ മറുപടിക്ക്.**

**നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി**

**ചോദ്യം**

ശ്രീ. കെ. ദാസൻ

**ഉത്തരം**
**ശ്രീ. എ. കെ. ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം സർക്കാരിന്റെ ഏതെങ്കിലും വകുപ്പിന് കെട്ടിടം നിർമ്മിക്കാൻ കൈമാറുന്നതിന് സാധ്യമാണോ; ഇതിന് നിലവിലുള്ള എന്തെങ്കിലും നിയമംതടസ്സമാകുന്നുണ്ടോ; വ്യക്തമാക്കാമോ; | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 169 -ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിന്, പഞ്ചായത്തിൽ നിക്ഷിപ്തമായ പൊതുവഴി, അഴുക്കുചാൽ, ഓട, ഡ്രെയിനേജ് പണി മുതലായവ അവയോട് ചേർന്ന് കിടക്കുന്ന ഭൂമി സഹിതം പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി സർക്കാരിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കാവുന്നതാണ്. 218 -ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ പൊതുജല സ്രോതസ്സിന്റെയും അതിനോട് ചേർന്നുള്ളതുമായ പൊതു ഭൂമിയുടെയും ഭരണം സർക്കാരിന് ഏറ്റെടുക്കാവുന്നതും 279 -ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്കിനെ ഈ ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാവുന്നതുമാണ്. മേൽപറഞ്ഞ വ്യവസ്ഥകൾ പ്രകാരം, 169-ാം വകുപ്പ് (3)ാം ഉപവകുപ്പിലും 279 -ാം വകുപ്പ് (2)-ാം ഉപവകുപ്പിലും പരാമർശിച്ച പ്രകാരമുള്ള ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കിയതിന് ശേഷം അത് വകുപ്പുകൾക്ക് കൈമാറുന്നതിന് സാധ്യമാകുന്നതാണ്. 218-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ പരാമർശിച്ച പ്രകാരമുള്ള പൊതുജലസ്രോതസ്സിനോട് ചേർന്ന് കിടക്കുന്ന പൊതുഭൂമിയുടെ ഭരണം സർക്കാരിന് |

| | | |
|---|---|---|
| | | ഏറ്റെടുക്കാവുന്നതും അപ്രകാരം ഭരണം ഏറ്റെടുത്ത ഭൂമി, Jagpal Singh Vs. State of Punjab എന്ന കേസിലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊതു ആവശ്യത്തിനായി സർക്കാർ വകുപ്പുകൾക്ക് കൈമാറാവുന്നതുമാണ്. കൂടാതെ 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം ഒരു പഞ്ചായത്തിന് വാങ്ങൽ മൂലമോ അല്ലാതെയോ ആർജ്ജിച്ചിട്ടുള്ള ഭൂമി സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി കയ്യൊഴിയ്ക്കാവുന്നതാണ്. അതിനാൽ മേൽപറഞ്ഞ ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്തിന് വാങ്ങൽ മൂലമോ അല്ലാതെയോ ആർജ്ജിച്ച ഭൂമി സർക്കാർ വകുപ്പുകൾക്ക് കൈമാറാവുന്നതാണ്. |
| (ബി) | ഏതെങ്കിലും നിയമം തടസ്സമായി നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലോചിതമായി പരിഷ്കരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | ബാധകമല്ല. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ